2001-02 - 54,06,000

2002-03 - 64,85,190

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ വിതരണം ചെയ്ത പാരസെറ്റമോൾ ഗുളികയുടെ വിവരം ശേഖരിച്ചു വരുന്നു.

(ബി) കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, മുരുകൻ ഫാർമ, ഫാർമസ്യൂട്ടിക്കൽ ആന്റ് കെമിക്കൽസ് ട്രാവൻകൂർ, നെസ്റ്റർ ഫാർമസ്യൂട്ടിക്കൽസ്, കാമെറിൻ വെറൈറ്റി ഫാർമ, വ്യാസാ ഡ്രഗ്സ്, റ്റി.സി. ഫാർമ തുടങ്ങിയ കമ്പനികളിൽ നിന്നുമാണ് മരുന്നുകൾ വാങ്ങിയത്.

(സി) മെഡിക്കൽ കോളേജ് ആശുപത്രികൾക്കായി 17,03,500 രൂപ ചെലവഴിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നുള്ള വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഉണ്ട്. റിപ്പോർട്ടുകളുടെ കോപ്പി അനുബന്ധമായി ചേർക്കുന്നു.*

(ഇ) ലഭ്യമാണ്.

(എഫ്) തൃശ്ശൂർ ജില്ലയിൽ പൂന്തുറ പ്രൈമറി ഹെൽത്ത് സെന്ററിൽ വിതരണം ചെയ്ത പാരസെറ്റമോൾ ഗുളിക ഗുണനിലവാരം കുറഞ്ഞതാണ് എന്നുള്ള റിപ്പോർട്ടിനെ തുടർന്ന് വിതരണം തടഞ്ഞിട്ടുണ്ട്. കൂടാതെ തൃശ്ശൂർ ജില്ലാ മെഡിക്കൽ സ്റ്റോറിലും ഗുണനിലവാരമില്ലാത്ത പാരസെറ്റമോൾ ഗുളികയുടെ വിതരണം തടഞ്ഞിട്ടുണ്ട്.

(ജി) ഗുണനിലവാരമില്ലാത്ത പാരസെറ്റമോൾ ഗുളികകൾ വിതരണം ചെയ്ത കമ്പനികളുടെ വിവരം ചുവടെ ചേർക്കുന്നു :

1. വ്യാസാ ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്, ആലപ്പുഴ
2. മോഡേൺ ഫാർമസ്യൂട്ടിക്കൽസ് ഇൻഡസ്ട്രീസ്, തിരൂർ

ഈ കമ്പനികൾക്ക് നൽകിയ തുകയുടെ വിവരം ശേഖരിച്ചു വരുന്നു.

ഗ്രാമപഞ്ചായത്തുകളിലെ പി.എച്ച്.സി.കളുടെ പ്രവർത്തനം

139 (4574) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിരവധി ഗ്രാമപഞ്ചായത്തുകളിലെ പി.എച്ച്.സി.കളിൽ നിർമ്മിച്ച വാർഡുകൾ, വേണ്ടത്ര സ്റ്റാഫ് ഇല്ലാത്തതിനാൽ പ്രവർത്തനരഹിതമായി കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഇത്തരം പി.എച്ച്.സി.-കളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് ഈ വാർഡുകൾ പ്രവർത്തനസജ്ജമാക്കാൻവേണ്ടി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തസ്തിക സൃഷ്ടിക്കുന്നതിൽ നിലനിൽക്കുന്ന നിരോധനം മാറുന്നമുറയ്ക്ക് സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്.

ജില്ലാ ആശുപത്രികളിൽ വിവിധ സ്പെഷ്യാലിറ്റി വകുപ്പുകൾ ആരംഭിക്കുന്നതിന് പദ്ധതി

140 (4575) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ ആശുപത്രികളിൽ കാർഡിയോളജി, നെഫ്റോളജി, സൈക്യാട്രി തുടങ്ങിയ സ്പെഷ്യാലിറ്റി വകുപ്പുകൾ ആരംഭിക്കുന്നതിന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) മെഡിക്കൽ കോളേജ് ആശുപത്രികളോടനുബന്ധിച്ച് ആശുപത്രികളുടെ വികസനത്തിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രധാന ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും കാർഡിയോളജി, നെഫ്റോളജി, സൈക്യാട്രി എന്നീ വകുപ്പുകൾ ആരംഭിക്കുന്നതിന് ഈ സാമ്പത്തിക വർഷം 1 കോടി രൂപ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്. ഈ വിഭാഗത്തിലേക്ക് സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചകാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) മെഡിക്കൽ കോളേജ് ആശുപത്രികളുടെ വികസനത്തിനും നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി 128 കോടി രൂപയുടെ പദ്ധതിക്ക് രൂപം നൽകി ലോകബാങ്കിന്റെ സഹായത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് തീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly